**ജനസ്യ കൃഷ്ണാദ്വിമുഖസ്യ ദൈവാ
ദധർമ്മശീലസ്യ സുദു:ഖിതസ്യ
അനുഗ്രഹായേഹ ചരന്തി നൂനം
ഭൂതാനി ഭവ്യാനി ജനാർദ്ദനസ്യ (3–5–3)**

ഹരിദ്വാരിൽവെച്ച് മൈത്രേയനെ കണ്ടപ്പോൾ വിദുരർ ചോദിച്ചു:
"ഭഗവാനേ, മനുഷ്യർ സുഖത്തിനായി കഷ്ടപ്പെടുന്നുണ്ടെങ്കിലും ആ കർമ്മങ്ങൾ അവന് സമാധാനം നൽകുന്നില്ലെന്നുമാത്രമല്ലാ അവരുടെ ദു:ഖങ്ങൾ വർദ്ധിക്കുകയത്രേ ചെയ്യുന്നത്. എന്താണ് മനുഷ്യർ ചെയ്യേണ്ടതെന്നങ്ങു പറഞ്ഞു തന്നാലും. കൃഷ്ണഭക്തന്മാർ ലോകംമുഴുവൻചുറ്റി അധാർമ്മികളെപ്പോലും ഭഗവൽനാമമഹിമയാലനുഗ്രഹിച്ചു രക്ഷിക്കാൻ ശ്രമിക്കുന്നു. ഒരുവന്റെയുള്ളിൽ ഭഗവാൻ സിംഹാസന സ്ഥനാവാൻ വേണ്ടി അവൻ ചെയ്യേണ്ട കാര്യങ്ങളെന്തൊക്കെയാണ്? ആ ഭഗവൽസാന്നിദ്ധ്യമാണല്ലൊ പരമവിജ്ഞാനത്തിന്റെ വെളിച്ചം ഹൃദയത്തിൽ നിറക്കുന്നത്. ഭഗവാനീ ജഗത്തിനെ സൃഷ്ടിച്ചതെങ്ങനെ യെന്നും എനിക്കറിയാനാഗ്രഹമുണ്ട്. ഭഗവത്സൃഷ്ടിസ്ഥിതിസംഹാരങ്ങളുടെ രഹസ്യവും അവിടുന്നു ലോകരക്ഷക്കായി അവതാരമെടുക്കുന്നതെങ്ങനെയെന്നും പറഞ്ഞുതന്നാലും. ഭഗവദവതാരങ്ങൾ മനുഷ്യന്റേയും ദേവന്മാരുടേയും അസുരന്മാരുടേയും നന്മയ്ക്കായി പ്രവർത്തിക്കുമ്പോഴും സ്വയം കർമ്മബന്ധിതമല്ല എന്നു ഞാനറിയുന്നു. വ്യാസമുനിയിൽനിന്നും ലൌകീകമനുഷ്യരുടെ ധർമ്മത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ആ കാര്യങ്ങളിൽ ഇപ്പോഴെനിക്കു താൽപ്പര്യമില്ല. കാരണം അതുകൊണ്ടു ലഭിക്കുന്ന നൈമിഷികാനന്ദം എന്നെയാകർഷിക്കുന്നില്ല. ആവർത്തനവിരസമായ ജീവിതാസ്ഥിത്വത്തിന്റെ കെട്ടുപാടുകളിൽനിന്നും ക്ഷണനേരംകൊണ്ട് വിമുക്തമാക്കാൻ പര്യാപ്തമത്രെ ഭഗവൽനാമവും കഥകളും. അതങ്ങയേപ്പോലുള്ള ദിവ്യപുരുഷന്മാരുടെ നാവിൽനിന്ന് ഒരുവന്റെ ചെവികളിലെത്തുന്നമാത്രയിൽ ദു:ഖ പൂർണ്ണമായ അസ്ഥിത്വത്തിൽനിന്ന് അവൻ മോചിതനാവുന്നു. ശ്രീകൃഷ്ണകഥകളിലും മഹിമയിലും താൽപര്യമില്ലാതെ അജ്ഞാനത്തിന്റെ പിടിയിൽപ്പെട്ടിരിക്കുന്നവരെയോർത്തെനിക്കു സഹതാപം തോന്നുന്നു. കാലം (യമദേവൻ) അവരുടെ ജീവിതത്തെ വൃഥാവ്യായാമങ്ങളിലും വ്യാപാരങ്ങളിലും അനാവശ്യചിന്തകളിലും പ്രവർത്തികളിലുമായി നശിപ്പിച്ചു കളയുന്നു. അതുകൊണ്ട് മഹാമുനേ, മോക്ഷപ്രാപ്തിക്കായി ആ ഭഗവദവതാരകഥകൾ വിശദമായി പറഞ്ഞുതന്നാലും."

മൈത്രേയൻ പറഞ്ഞു:
നല്ല ചോദ്യം തന്നെ വിദുരരേ, വരും തലമുറകൾക്കു കടപ്പാടുണ്ടാകുമാറുചിതമായ ഉത്തരത്തെ തേടുന്ന ഉന്നതമായ ചോദ്യങ്ങളാണങ്ങുന്നയിച്ചത്. ആദിമസൃഷ്ടിക്ക്മുൻപ് ഭഗവാൻ മാത്രമേയുണ്ടായിരുന്നുള്ളൂ. അന്തർലീനമായിരുന്ന അഹംബോധത്തിൽ അവിടുന്നാലോചിച്ചു. "എനിക്ക് അസ്ഥിത്വമുണ്ടോ?." ഈ ശക്തി (മായാശക്തി) ഒരേസമയം അവിടുത്തേതായതിനാൽ ഉൺമയും അവിടുത്തെവിട്ടൊരസ്ഥിത്വമില്ലാത്തതിനാൽ മിഥ്യയുമാണ്. ഈ ശക്തിയാലാണ് അവിടുന്നു വിശ്വനിർമ്മിതി ചെയ്തത്. ഈ ശക്തിയുടെ ഇളകിമറിയലിൽ അന്തർലീനമായിരുന്ന ഗുണഗണങ്ങൾ ഉണർന്നു. ഭഗവാൻ സ്വയം ആത്മാവായി (പുരുഷൻ) ഇവകളിൽ പ്രവേശിച്ചു. ഇങ്ങിനെ ഇതുവരെ പ്രകടമാകാതിരുന്ന വിശ്വബുദ്ധിയിൽനിന്നും ബോധമുളവായി. മഹാതത്വത്തിൽ (വിശ്വബോധം) നിന്നും അഹം ഉണ്ടായി. അഹമാണ് പഞ്ചഭൂതങ്ങൾക്കും ഇന്ദ്രിയങ്ങൾക്കും മനസ്സിനും കാരണം. അഹമാകട്ടെ മൂന്നുവിധത്തിലാണ്. സാത്വികം, രാജസികം, താമസീകം. സാത്വികത്തിൽനിന്ന് മനസ്സും ബുദ്ധിയും ഇന്ദ്രിയനിയന്ത്രണവും ഉണ്ടായി. രാജസീകത്തിൽനിന്നും കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും ഉണ്ടായി. ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ പഞ്ചഭൂതങ്ങൾ തമോജന്യമത്രേ. പഞ്ചഭൂതങ്ങൾ ഒരോന്നും അടുത്തതിന്റെ കാരണമായിത്തീരുകയും അതു മുൻപിലത്തേതിന്റെ ഗുണങ്ങൾ സ്വാംശീകരിക്കയും ചെയ്യുന്നു. ഇതിന്റെയെല്ലാം ദേവതകളായി വർത്തിക്കുന്നത് ഭഗവാൻ വിഷ്ണുവിന്റെ പ്രഭാകിരണങ്ങൾ തന്നെയാണ്. സ്വയം പ്രവർത്തനോൻ മുഖമാകാൻ കഴിയാതെ ഈ ദേവതകളെല്ലാം ഭഗവാനെത്തന്നെ പ്രാർത്ഥിച്ചു.